## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4430 — 28/06/2012 ൽ മറുപടിക്ക്

### റേഷൻ സാധനങ്ങളുടെ അനധികൃത കടത്ത്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.വിജയദാസ്. | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | അനധികൃതമായി റേഷൻ സാധനങ്ങൾ കടത്തിക്കൊണ്ടു പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: എങ്കിൽ വിശദാംശം നൽകുമോ; എത്ര കേസുകൾ ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ള വിവരം വ്യക്തമാക്കുമോ; | (എ) | ഉണ്ട്; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അനധികൃതമായി കടത്തികൊണ്ടു പോയ റേഷൻ സാധനങ്ങൾ പിടിച്ചെടുത്തതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.<br>അരി - 31200 കിലോഗ്രാം<br>പച്ചരി - 500 കിലോഗ്രാം<br>ഗോതമ്പ് - 35090 കിലോഗ്രാം<br>പഞ്ചസാര - 200 കിലോഗ്രാം<br>മണ്ണെണ്ണ - 15832 ലിറ്റർ;<br>32 കേസുകൾ; |
| (ബി) | ഇത്തരം കേസുകളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ബി) | 8 കേസുകളിൽ അവശ്യസാധന നിയമമനുസരിച്ച് നടപടി സ്വീകരിച്ചു. 7 കേസുകളിൽ പോലീസ് അന്വേഷണം നടക്കുന്നു. 7 കേസുകളിൽ സാധനങ്ങൾ കണ്ടുകെട്ടിയിട്ടുണ്ട്. മറ്റ് കേസുകളിൽ നടപടികൾ തുടർന്നുവരുന്നു. |
| (സി) | റേഷൻ സാധനങ്ങൾ കൊണ്ടു പോകുന്ന വാഹനങ്ങളുടെ വിദൂര നിരീക്ഷണത്തിനായുള്ള ഗ്ലോബൽ പൊസിഷനിംഗ് സംവിധാനത്തിന്റെ രൂപരേഖ തയ്യാറായിട്ടുണ്ടോ; എന്നു മുതൽക്ക് ഈ പദ്ധതി ആരംഭിയ്ക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (സി) | റേഷൻസാധനങ്ങൾ കൊണ്ടു പോകുന്ന വാഹനങ്ങളുടെ വിദൂര നിരീക്ഷണത്തിനായി ഗ്ലോബൽ പൊസിഷനിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിഷയത്തിൽ വകുപ്പുതല ചർച്ചകൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ